"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. സത്യജിത്ത് പി.ബി, സീനിയർ സൂപ്രണ്ട്, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ് - അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയുടെ അധിക ചുമതല വഹിച്ചത് - ചാർജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.712/2026/ID തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-

1. 14/03/2025-ലെ സ.ഉ. (സാധാ) നം. 1101/2025/ജി.എ.ഡി
2. കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ 29/03/2025-ലെ DICKSD/468/2023-B2-II നമ്പർ നടപടിക്രമം
3. 03/07/2025-ലെ സ.ഉ. (സാധാ) നം. 841/2025/വ്യവ
4. 05/03/2026-ലെ സ.ഉ. (സാധാ) നം. 230/2026/വ്യവ
5. വ്യവസായ വാണിജ്യ ഡയറക്ടറുടെ 30/10/2025-ലെ DIC/4586/2025-ED2 നമ്പർ കത്ത്

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിൽ, കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. ആദിൽ മുഹമ്മദ് കെ.എ.എസ്-നെ പരാമർശം (1) പ്രകാരം പൊതുമരാമത്ത് വകുപ്പിലേയ്ക്ക് സ്ഥലംമാറ്റം നിയമിച്ചതിനെ തുടർന്ന് പരാമർശം (2) പ്രകാരം ടിയാനെ വിടുതൽ ചെയ്യും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയുടെ അധിക ചുമതല സീനിയർ സൂപ്രണ്ട് ശ്രീ. സത്യജിത്ത് പി.ബി-യ്ക്ക് നല്കിയും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയുടെ അധിക ചുമതല സീനിയർ സൂപ്രണ്ട് ശ്രീ. സത്യജിത്ത് പി.ബി-യ്ക്ക് നല്കിയ പരാമർശം (2)-ലെ നടപടിക്രമം പരാമർശം (4) പ്രകാരം സാധൂകരിച്ച് ഉത്തരവായിട്ടുണ്ട്.

2. കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അഭാവത്തിൽ 29/03/2025 AN മുതൽ പരാമർശം (3) ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയയിൽ സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി. ബീന. എസ് ചുമതലയേറ്റ 11/08/2025 FN വരെ പ്രസ്തുത തസ്തികയുടെ അധിക ചുമതല വഹിച്ച സീനിയർ സൂപ്രണ്ട് ശ്രീ. സത്യജിത്ത് പി.ബി-യ്ക്ക് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അഭാവത്തിൽ പ്രസ്തുത തസ്തികയുടെ അധിക

ചുമതല വഹിച്ച സീനിയർ സൂപ്രണ്ട് ശ്രീ. സത്യജിത്ത് പി.ബി-യ്ക്ക് കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53 (b) (2) (as amended vide G.O(P) No 88/2017/Fin dated 11.07.2017], 53 A (II) (C), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 30.03.2025 മുതൽ മൂന്ന് മാസക്കാലയളവിലേയ്ക്ക് പരിമിതപ്പെടുത്തി ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത ബി ചന്ദ്ര
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. സത്യജിത്ത് പി.ബി (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 08-07-2026 16:37:16